# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2215 | 08.03.2017- ൽ മറുപടിയ്ക്ക്

**സഹകരണ ബാങ്കുകളിലെ**

**നിക്ഷേപങ്ങളോട് ചില സർക്കാർ വകുപ്പുകൾക്കുള്ള വിമുഖത**

| ചോദ്യം<br>ശ്രീ. പി.കെ. ശശി | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| എ) സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളോട് പൊതുമരാമത്ത്, തദ്ദേശഭരണം , ഉൾപ്പെടെ ചില സർക്കാർ വകുപ്പുകൾ വിമുഖതയും അയിത്തവും കാണിക്കുന്നതു മൂലം സഹകരണ/വ്യവസായ/കാർഷിക വകുപ്പുകളിൻ കീഴിലെ സഹകരണ ബാങ്കുകളും സംഘങ്ങളും അനുഭവിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) ഒരു സംഘത്തിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടെണ്ടർ നടപടികളിൽ സഹകരണ ബാങ്കുകളിലെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പുകൾ സ്വീകരിക്കുന്നില്ലെന്ന് ഏലൂക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റിന്റെ പരാതിയാണ് ലഭിച്ചത്. |
| ബി) എൽ. ഡി. എഫ്. സർക്കാർ സഹകരണ മേഖലയെ രക്ഷിക്കാനും പൊതു ജനങ്ങൾക്ക് അത് വഴി സഹായ സഹകരണം സാമ്പത്തികമായി ഉറപ്പു വരുത്താനുമുള്ള നടപടികൾ സ്വീകരിക്കുമ്പോൾ ടെണ്ടർ നടപടികളിൽ സഹകരണ ബാങ്കുകളിലെ സ്ഥിരം നിക്ഷപ തുകകൾ വരെ ഈടായി സ്വീകരിക്കാത്ത സർക്കാർ വകുപ്പുകൾ ഉള്ളത് പരിശോധിക്കാനും സഹകരണ ബാങ്ക് പ്രസ്ഥാനം ജനോപകാരപ്രദമാക്കാനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് (ടെൻഡർ നടപടികൾക്ക്) ഗ്യാരണ്ടിയായി സ്വീകരിക്കുമെന്ന് കാണിച്ച് പൊതുമരാമത്ത് വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. |

| | |
|---|---|
| സി) ഐ.എഫ്.എസ്. കോഡ് ഇല്ലാത്തതിനാലാണ് സഹകരണ ബാങ്കുകളുടെ നിക്ഷേപ രേഖ സ്വീകരിക്കാത്തത് എന്ന് സർക്കാർ വകുപ്പുകൾ പറയുന്നത് ശരിയാണോ; അല്ലെങ്കിൽ ഇത്തരത്തിൽ പറയുന്ന സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) ഈ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**